# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

01.07.2015-ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1021

## ലാബ് അറ്റന്റർ തസ്തിക

**ചോദ്യം**
ശ്രീ.കെ.ദാസൻ :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി എസ്.എ.ആർ.ബി.റ്റി.എം. ഗവൺമെന്റ് കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ ലാബ് അറ്റന്റർ തസ്തിക സൃഷ്ടിക്കുന്നതിനായി കോളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ ; | (എ) | കൊയിലാണ്ടി ഗവൺമെന്റ് കോളേജിലെ അറ്റന്റർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ഇതേവരെ ലഭിച്ചതായി കാണുന്നില്ല. ധനനിയന്ത്രണ ചട്ടം നിലവിൽ ഉണ്ടായിരുന്നതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പ്രൊപ്പോസലുകൾ ഗവൺമെന്റിൽ ലഭ്യമാക്കിയിരുന്നില്ല. |
| (ബി) | ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്താതിനാൽ കോളേജിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതിനും കോളേജിൽ മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) | ബി.എസ്.സി., എം.എസ്.സി. ഫിസിക്സ് ലാബുകൾ വളരെയധികം ഇടുങ്ങിയ മുറികളിലാണ് പ്രവർത്തിക്കുന്നത്. ഈ സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത കോളേജിൽ സയൻസ് ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | 119 ലക്ഷം രൂപ അനുവദിച്ച് നബാർഡ് (RIDF) -ന്റെ ധനസഹായത്താൽ നടത്തുന്ന സയൻസ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റുകയും സയൻസ് ബ്ലോക്കിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി NABARD – RIDF – XVI – ൽ ഉൾപ്പെട്ട പദ്ധതിയാണ്. പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ പുതുക്കിയ SOR അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതിനാൽ കരാറുകാരനിൽ നിന്നും കഷ്ടനഷ്ടങ്ങൾ ഈടാക്കി നിലവിലുള്ള കരാർ അവസാനിപ്പിച്ച ശേഷം ടി പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുന്നതാണ്. |
| (ഡി) | പ്രസ്തുത കോളേജിൽ നിലവിൽ ഭരണാനുമതി ലഭിച്ച പദ്ധതികളും നിർമ്മാണ പ്രവൃത്തികളും ഏതെല്ലാമാണെന്നും ആയതിന്റെ വിശദാംശങ്ങൾ സഹിതം അറിയിയ്ക്കുമോ ? | (ഡി) | പ്രസ്തുത കോളേജിൽ നിലവിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെയും നിർമ്മാണ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br>1) <u>പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ</u><br>യു.ജി.സി. ഫണ്ട് ഉപയോഗിച്ച് തുടങ്ങാൻ ഉദ്ദേശിച്ച പെൺകുട്ടികളുടെ ഹോസ്റ്റൽ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിന് 10.11.2010 തീയതിയിലെ കത്ത് പ്രകാരം യു.ജി.സി. -യുടെ ഫണ്ടിൽ നിന്നും 60 ലക്ഷം രൂപയും 27.03.2015 തീയതിയിലെ ജി.ഒ.(ആർ.റ്റി.) നം.623/2015/ഹയർ എഡ്യൂക്കേഷൻ ഉത്തരവ് പ്രകാരം 140 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മാണം തുടങ്ങുന്നതിനായി പി.ഡബ്ല്യു.ഡി. -യെ അറിയിച്ചിട്ടുണ്ട്.<br><br>2) <u>വാട്ടർ ടാങ്ക് പുതുക്കി പണിയുന്നത്.</u><br><br>18.02.2013 -ലെ ജി.ഒ.(ആർ.റ്റി.) നം.241/2013/ഹയർ എഡ്യൂക്കേഷൻ പ്രകാരം നിലവിലുള്ള വാട്ടർ ടാങ്ക് പൊളിച്ച് പുതിയ ടാങ്ക് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 2012-13 -ൽ പ്ലാൻ ഫണ്ട് സി.ഐ.യു.പി. ഹെഡിൽ 30 ലക്ഷം രൂപ അനുവദിക്കുകയും ഡെപ്യൂട്ടി ഡയറക്ടർ ടി തുക കോഴിക്കോട് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി പണി തുടങ്ങാൻ വേണ്ടി ആവശ്യപ്പെട്ടതിൻ പ്രകാരം 20.04.2015 -ൽ പി.ഡബ്ല്യു.ഡി. -യിൽ നിന്നും 37,00,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചു. 7 ലക്ഷം രൂപ പി.ഡബ്ല്യു.ഡി. -യിൽ ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ പണി തുടങ്ങുകയുള്ളൂ. ടി ഫണ്ടിനു വേണ്ടി 2015-16 പ്ലാൻ ഫണ്ടിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br><br>3) Ladies Amenities Centre - ന്റെ നിർമ്മാണ പ്രവർത്തനം - 8 ലക്ഷം രൂപ - ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല.<br>4) കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം - 25 ലക്ഷം രൂപ - ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. |

**സെക്ഷൻ ഓഫീസർ**